പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3389

22.08.2017 ൽ മറുപടിക്ക്

## പോലീസ് വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിന് വകുപ്പ് മേധാവിക്ക് അനുവദിക്കാവുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ബഷീർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) 24 മണിക്കൂറും ഡ്യൂട്ടിക്കായി ഉപയോഗിച്ചുവരുന്നതും തകരാറിലായാൽ അടിയന്തരമായി റിപ്പയർ വർക്കുകൾ പൂർത്തിയാക്കേണ്ടതുമായ പോലീസ് വകുപ്പിന്റെ വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിനായി പോലീസ് മേധാവിക്ക് അനുമതി നല്കുവാൻ കഴിയുന്ന പരമാവധി തുക 15000/- രൂപ മാത്രമായതിനാൽ റിപ്പയർ വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാതെ വരികയും ഇക്കാരണത്താൽ ഈ വാഹനങ്ങൾ തികച്ചും ശോചനീയ അവസ്ഥയിൽ നിരത്തുകളിൽ ഉപയോഗിക്കേണ്ടി വരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) പോലീസ് വകുപ്പിന്റെ പ്രാധാന്യം പരിഗണിച്ച് വകുപ്പിലെ വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിന് വകുപ്പ് മേധാവിക്ക് 1,00,000/- (ഒരു ലക്ഷം) രൂപ വരെ അനുവദിക്കുന്നതിന് അധികാരം നല്കുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ; ഇല്ലായെങ്കിൽ ഇതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ? | ബി) പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ